Keralakaumudi 10-09-18, P-02

# നടാൻ കൊള്ളിത്തണ്ടില്ല, കർഷകർ ആശങ്കയിൽ

## ■ വലയുന്നത് മേലൂരിലെ കൊള്ളിക്കർഷകർ

▸സ്വന്തം ലേഖകൻ



പ്രളയത്തിൽ നശിച്ച മരിച്ചീനി കൃഷിയിടത്തിൽ മോഹനൻ.

ചാലക്കുടി: പ്രളയം തകർത്ത മരച്ചീനിക്കൃഷി വീണ്ടും പച്ചപിടിപ്പിക്കാനുള്ള കർഷകശ്രമങ്ങൾക്ക് തിരിച്ചടി. ആവശ്യത്തിന് കൊള്ളിത്തണ്ട് കിട്ടാത്തതാണ് കർഷകരെ നട്ടം തിരിക്കുന്നത്. മരച്ചീനിക്കൃഷി നടത്തിയിരുന്ന പാടങ്ങളും താഴ്ന്ന പ്രദേശങ്ങളും പ്രളയ താണ്ഡവത്തിൽ നശിച്ചു. ഉണങ്ങി വിറങ്ങലിച്ച തണ്ടുകൾ മാത്രമാണ് അവശേഷിക്കുന്നത്.

പ്രളയത്തിന് മുമ്പ് ഇക്കുറി രണ്ടുതവണ കൊള്ളിത്തോട്ടങ്ങളിൽ മലവെള്ളം കയറിയിരുന്നു. മേലൂർ പഞ്ചായത്തിലാണ് മരച്ചീനി കൃഷി ചെയ്യുന്നവരിൽ അധികവുമുള്ളത്. പൂലാനിയിലെ പെരിങ്ങാത്ര മോഹനന് പ്രളയത്തിൽ പതിനാറ് ഏക്കറിലെ കൊള്ളിക്കൃഷിയാണ് നഷിച്ചത്. മൊത്തം 20 ഏക്കറിൽ കൃഷി ചെയ്തിരുന്നെങ്കിലും മഴ രൂക്ഷമാകുന്നതിന് മുമ്പ് നാലേക്കറിലെ കിഴങ്ങുകൾ പറിച്ചെടുത്തിരുന്നു. അഞ്ച് ഏക്കറിലെ പടവലവും പയറും വെള്ളപ്പാച്ചിലിൽ നശിച്ചു.

ഓണത്തിന് വിളവെടുക്കാൻ കരുതിയ അയ്യായിരം നേന്ത്രവാഴകളെയും പ്രളയം വെറുതെ വിട്ടില്ല. ഇഞ്ചി, മഞ്ഞൾ അങ്ങനെ നീളുന്നു നാൽപ്പതോളം ഏക്കറിലായി നിലനിന്നിരുന്ന ഈ 59കാരന്റെ കാർഷിക വിളകൾ. 35 ലക്ഷം രൂപയാണ് വെള്ളത്തിലായത്. ഇതിൽ 22 ലക്ഷം ബാങ്ക് വായ്പയാണെന്ന് മോഹനൻ പറയുന്നു. കഴിഞ്ഞ എട്ടുവർഷമായി കാർഷിക രംഗത്ത് തുടരുന്ന മോഹനൻ നാൽപ്പതോളം ഏക്കർ പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നത്. ഏഴ് ജോലിക്കാരുമുണ്ട്.

കൊള്ളിത്തണ്ടും വിത്തുകളും കിട്ടാത്തതാണ് മേലൂർ പഞ്ചായത്തിലെ മോഹനൻ ഉൾപ്പെടെയുള്ള കർഷകരെ അലട്ടുന്ന പ്രധാന പ്രശ്നം. ആലപ്പുഴയിൽ നിന്നും കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന ഒരു ലോഡ് കൊള്ളിത്തണ്ടിലാണ് ഇവരുടെ പ്രതീക്ഷകൾ മുഴുവനും. പ്രളയം വന്നാലും എന്തു നഷ്ടമുണ്ടായാലും മണ്ണുമായി മല്ലിടുന്ന ജോലി തുടരുമെന്ന് മോഹനൻ പറയുന്നു. കാർഷിക രംഗത്തുള്ള പലരും സഹായഹസ്തങ്ങളുമായി സമീപിക്കുന്നത് മോഹനന് ആശ്വാസമാകുന്നുണ്ട്. വായ്പയുടെ കാര്യത്തിൽ തിരിച്ചടവിന് കൂടുതൽ സമയം അനുവദിക്കാമെന്ന് ബാങ്കുകാർ പറയുമ്പോൾ എല്ലാത്തിനും തയ്യാറായി കൃഷിവകുപ്പും സജ്ജമായി നിൽക്കുന്നുണ്ട്.

എന്നാൽ പ്രളയക്കെടുതിയിലും കൊള്ളലാഭം കൊയ്യാൻ ചിലരുണ്ടെന്നാണ് മോഹനന്റെ അനുഭവം. കറുകുറ്റിയിൽ നിന്നും വാങ്ങിയ നേന്ത്രവാഴക്കന്നിന് ഇരുപത് രൂപാ വീതം നൽകേണ്ടിവന്നു. ഇതിരട്ടിവിലയാണെന്ന് ഇയാൾ പറയുന്നു. പ്രളയക്കെടുതികളെ അതിജീവിക്കാൻ മാനസികമായി തയ്യാറെടുത്ത മോഹനനെ പക്ഷെ, ഇപ്പോൾ അലട്ടുന്നത് മറ്റൊരു പ്രശ്നമാണ്. പ്രളയാനന്തര കൃഷിയെ വെള്ളത്തിന്റെ ലഭ്യതക്കുറവ് പ്രതികൂലമായി ബാധിക്കുമോ എന്ന ആശങ്ക.